**1) അപ്പവും വീഞ്ഞുംകൊണ്ട് പൗരോഹിത്യ ശുശ്രൂഷ ചെയ്ത രാജാവ് ആരാണ്?**
**A) മൽക്കീസെദേക്ക്**
B) അഹേശ്വരോശ്
C) മൽക്കിശുവാ
D) ആഹാബ്

**2) ഭൂമിയിൽനിന്നുള്ള ആദ്യഫലം യഹൂദന്മാർ അർപ്പിക്കുന്ന പെരുന്നാൾ ഏതാണ്?**
**A) പെന്തിക്കോസ്തി**
B) കൂടാരപ്പെരുന്നാൾ
C) പെസഹാ
D) പുരീം

**3) എസ്ഥേറിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) പേർഷ്യക്കാർക്കുവേണ്ടി രാജാവിനോടു മധ്യസ്ഥത നടത്തി.**
B) വസ്തി രാജ്ഞിക്കു പകരം പേർഷ്യൻ രാജ്ഞിയായിത്തീർന്നു.
C) ഹദസ്സേ എന്ന് എബ്രായ പേരുണ്ടായിരുന്നു.
D) ചിറ്റപ്പന്റെ പേര് മൊർദ്ദേഖായി എന്നാണ്.

**4) അബീഗയിലിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ദാവീദിന്റെ സഹോദരി ആയിരുന്നു.**
B) നാബാലിന്റെ ഭാര്യയായിരുന്നു.
C) സുന്ദരിയും വിവേകിയും ആയിരുന്നു.
D) വിധവയായപ്പോൾ ദാവീദ് പുനർവിവാഹം ചെയ്തു.

**5) ഏലീശാ പ്രവാചകനെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) 'ദൈവം രക്ഷ' എന്നാണ് പേരിന്റെ അർത്ഥം.**
B) യേഹു, ആഹാബ്, യോവാശ് എന്നീ രാജാക്കന്മാരുടെ കാലത്തു പ്രവചനം നടത്തി.
C) പിതാവിന്റെ പേര് യിരെമ്യാ എന്നാണ്.
D) കുഷ്ഠരോഗിയായ രാജാവിനു സൗഖ്യം നൽകി.

**6) യേശുവിന്റെ അത്ഭുത പ്രവൃത്തികളുടെ സവിശേഷത അല്ലാത്തത് തെരഞ്ഞെടുക്കുക.**
**A) സൂചനകൾ എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ വിളിക്കുന്നു.**
B) 'അത്ഭുതപ്രവർത്തകൻ' എന്നറിയപ്പെടാൻ ആഗ്രഹിച്ചില്ല.
C) യേശുവിന്റെ ആളത്തത്തെ അറിയാൻ അത്ഭുതങ്ങൾ സഹായിക്കുന്നു.
D) പ്രകൃതി തനിക്കു വിധേയമെന്നു തെളിയിച്ചു.

**7) അന്യഭാഷ സംസാരിക്കുന്നതിന് അമിത പ്രാധാന്യം കൊടുക്കുന്നതിനെതിരെ പൗലോസ് നിരോധനം നൽകുന്ന ലേഖനം ഏതാണ്?**
**A) 1 കൊരിന്ത്യർ**
B) ഗലാത്യർ

C) ഫിലിപ്പ്യർ
D) റോമർ

**8) ദൈവത്തിന്റെ സർവായുധ വർഗ്ഗത്തെക്കുറിച്ചു പരാമർശിക്കുന്നത് എവിടെയാണ്?**
**A) എഫേസ്യർ ആറാം അധ്യായം**
B) 1 കൊരിന്ത്യർ എട്ടാം അധ്യായം
C) 1 തെസ്സലോനിക്കർ മൂന്നാം അധ്യായം
D) തീത്തോസ് രണ്ടാം അധ്യായം

**9) പൗലോസ് ശ്ലീഹായുടെകൂടെ റോമിലെ കാരാഗൃഹവാസത്തിൽ ഒപ്പം ഉണ്ടായിരുന്ന കൊലോസ്യക്കാരൻ ആരാണ്?**
**A) എപ്പഫ്രാസ്**
B) ശീലാസ്
C) മർക്കോസ്
D) തീമോത്തിയോസ്

**10) 'അധർമമൂർത്തി' എന്ന് എതിർക്രിസ്തുവിനെ വിശേഷിപ്പിക്കുന്ന ലേഖനം ഏതാണ്?**
**A) 2 തെസ്സലോനിക്കർ**
B) യൂദാ
C) 1 യോഹന്നാൻ
D) പത്രോസ്

**11) ഗലീലക്കാരനല്ലാത്ത ശിഷ്യൻ, ശീമോന്റെ മകൻ, പണസഞ്ചി സൂക്ഷിച്ചു. ആരുടെ വിശേഷങ്ങളാണ് ഇത്?**
**A) യൂദാ ഇസ്കര്യോത്താ**
B) നഥാനിയേൽ
C) മത്തായി
D) സക്കായി

**12) മലങ്കരയിലെ അവസാനത്തെ പേർഷ്യൻ മെത്രാൻ ആരാണ്?**
**A) മാർ അബ്രഹാം**
B) മാർ യാക്കോബ്
C) മാർത്തോമ ഒന്നാമൻ
D) മാർ ആദായി

**13) അറിയോസിന്റെ വേദവിപരീതത്തിനെതിരെ പോരാട്ടം നയിച്ചതിനാൽ 17 വർഷം നാടുകടത്തൽ നേരിട്ട സഭാപിതാവ് ആരാണ്?**
**A) അലക്സാന്ത്രിയായിലെ വിശുദ്ധ അത്താനാസിയോസ്**
B) കപ്പദോക്യയിലെ വിശുദ്ധ ബസേലിയോസ്
C) നാസിയൻസിലെ വിശുദ്ധ ഗ്രിഗോറിയോസ്
D) അന്ത്യോക്യയിലെ വിശുദ്ധ സേവേറിയോസ്

**14) അർമേനിയൻ ഓർത്തഡോക്സ് സഭയെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) കൽക്കദൂൻ സുന്നഹദോസിനെ അംഗീകരിക്കുന്നില്ല.**
B) ഈ സഭയുടെ പ്രധാന തലവൻ പാത്രിയർക്കീസാണ്.
C) സഭയുടെ ആസ്ഥാനം ആഡിസ് അബാബയിലാണ്.
D) കുർബ്ബാനയിൽ പുളിപ്പുള്ള അപ്പവും വെള്ളം ചേർക്കാത്ത വീഞ്ഞും ഉപയോഗിക്കുന്നു.

**15) പെരനാട് ബഥനി ആശ്രമം സ്ഥാപിച്ച വർഷം ഏതാണ്?**

**A) 1918**
B) 1925
C) 1875
D) 1907

**16) ജന്മപാപം, ബസ്സൂർക്കാന, രൂപവണക്കം, കന്യകമറിയാമിന്റെ അമലോത്ഭവം എന്നിവ ഏതു സഭയുടെ വിശ്വാസത്തിലും ആചാര-അനുഷ്ഠാനങ്ങളിലും ഉൾപ്പെടുന്നവയാണ്?**
**A) റോമൻ കത്തോലിക്കാ സഭ**
B) ഈസ്റ്റേൺ ഓർത്തഡോക്സ് സഭ
C) നെസ്തോറിയൻ സഭ
D) ലൂഥറൻ സഭ

**17) എഫേസൂസിൽ നടന്ന സാർവത്രിക സുന്നഹദോസിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) അലക്സാന്ത്രിയായിലെ വിശുദ്ധ അത്താനാസിയോസ് നേതൃത്വം വഹിച്ചു.**
B) എ.ഡി. 431 ൽ കൂടി.
C) കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസിനെ മുടക്കി.
D) തേവോദോസിയോസ് രണ്ടാമൻ ചക്രവർത്തിയുടെ കാലത്തു കൂടി.

**18) നമ്മുടെ സഭ വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പുളിപ്പുള്ള അപ്പം സുറിയാനിയിൽ അറിയപ്പെടുന്നത് എങ്ങനെ?**
**A) അമ്മീറാ**
B) പത്തീറാ
C) കെത്തുറ
D) നൊത്തുറോ

**19) 'തക്സ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) ക്രമം**
B) അർപ്പണം
C) പ്രാർത്ഥന
D) ഉയരുക

**20) 'എത്രോ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) ധൂപം**
B) ഗീതം
C) ധൂപക്കുറ്റി
D) മേശ

**21) ഉപവാസത്തെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) പരീശന്മാർ ശനി, ഞായർ ദിവസങ്ങളിൽ ഉപവസിച്ചു.**
B) ഉപവാസം ശരിയായി അനുഷ്ഠിക്കാൻ യേശു ഉപദേശിച്ചു.
C) പരസ്യശുശ്രൂഷയ്ക്കു മുൻപായി 40 ദിവസം യേശു മരുഭൂമിയിൽ ഉപവസിച്ചു.
D) മലങ്കരസഭ ബുധൻ, വെള്ളി ദിവസങ്ങളിൽ ഉപവസിക്കണമെന്നു നിഷ്കർഷിക്കുന്നു.

**22) ദൈവസന്നിധിയിൽ സദാ ഉണർവോടും ജാഗ്രതയോടും നിൽക്കുന്ന മാലാഖമാരുടെ വൃന്ദം ഏതാണ്?**
**A) ഈറേന്മാർ**
B) ക്രൂബേന്മാർ
C) ഹൈലാവോസന്മാർ

D) മൗത്ബേന്മാർ

**23) അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) ജോസിഫസ്**
B) തോബിത്ത്
C) ബാരൂക്ക്
D) ശലോമോന്റെ ജ്ഞാനം

**24) മധ്യസ്ഥ പ്രാർത്ഥനയുടെ വേദപുസ്തക പരാമർശങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) നോഹ ബാബേൽ പ്രളയത്തിൽ നശിക്കാതിരിക്കാൻവേണ്ടി അപേക്ഷിച്ചു.**
B) 2 മക്കാബിയരിൽ മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
C) ശത്രുക്കൾക്കുവേണ്ടിപോലും പ്രാർത്ഥിക്കണം എന്ന യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ കാണാം.
D) യേശുവിനെ മധ്യസ്ഥനായി റോമാലേഖനത്തിൽ ചിത്രീകരിക്കുന്നുണ്ട്.

**25) ''മാർത്തോമാ സിംഹാസനത്തിൽ ആരൂഢനാകും പിതാവേ'' എന്ന കാതോലിക്ക മംഗളഗാനം രചിച്ചത് ആരാണ്?**
**A) പി.ജെ. എബ്രഹാം പടിഞ്ഞാറെത്തലയ്ക്കൽ**
B) സഭാകവി സി.പി. ചാണ്ടി
C) ഇസഡ് എം. പാറേട്ട്
D) ഇ.എം. ഫിലിപ്പോസ്

**26) ശമര്യരുടെ ആരാധനാസ്ഥലമായ പർവ്വതം ഏതാണ്?**
**A) ഗെരിസീം**
B) താബോർ
C) അബാരിം
D) ഹെർമോൻ

**27) യാക്കോബ് ദൈവദൂതനുമായി മൽപ്പിടുത്തം നടത്തിയ സ്ഥലം ഏതാണ്?**
**A) യാബോക്ക് നദിയുടെ കടവ്**
B) കെദ്രോൻ തോട്
C) ഫ്രാത്ത് നദിയുടെ കടവ്
D) ഹിദക്ക നദിയുടെ കടവ്

**28) വിധവയുടെ മാവും എണ്ണയും പെരുകിയതു പരാമർശിക്കുന്ന പഴയനിയമ പുസ്തകം ഏതാണ്?**
**A) 1 രാജാക്കന്മാർ**
B) 1 ശമുവേൽ
C) രൂത്ത്
D) എസ്ഥേർ

**29) താഴെപ്പറയുന്നവയിലെ തെറ്റായ പരാമർശം ഏതാണ്?**
**A) ഭൂമിയിലെ ആദ്യവീരൻ യാബാലാണ്.**
B) സൃഷ്ടികൾക്കെല്ലാം പേരിട്ടത് ആദമാണ്.
C) ഗിഹോനും ഫ്രാത്തും ഏദനിലെ നദികളാണ്.
D) ഏനോശ് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി.

**30) നോഹയെ സംബന്ധിക്കുന്ന ശരിയായ പരാമർശം:**
**A) ആദ്യം ലഹരി പിടിച്ച മനുഷ്യൻ നോഹയാണ്.**
B) നോഹയുടെ പിതാവ് യാഫേത്താണ്.
C) ലാമേക്കും ഹാമും നോഹയുടെ മക്കളാണ്.

D) പെട്ടകം പണിയാൻ നോഹ ഉപയോഗിച്ചത് ഖദിര മരമാണ്.

**31) യഹോവ-ശമ്മ എന്ന വാക്കിന്റെ അർത്ഥം ഏതാണ്?**
**A) അധിവസിക്കുന്ന യഹോവ**
B) അത്യുന്നതനായ യഹോവ
C) യഹോവ കരുണാമയൻ
D) യഹോവ ആധിപത്യമുള്ളവൻ

**32) വേദപുസ്തകത്തിൽ പരാമർശിക്കുന്ന പ്രവാചകിമാരിൽ ഉൾപ്പെടാത്തത് ആരാണ്?**
**A) താമാർ**
B) മിര്യാം
C) ദബോര
D) നൊവദ്യ

**33) യേശു പറഞ്ഞ ഉപമകളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) രണ്ടു സഹോദരന്മാരും പ്രതികാരകനും**
B) മുന്തിരിത്തോട്ടവും തോട്ടക്കാരും
C) പാറമേലും മണലിന്മേലും വീടു പണിതത്.
D) ഉണർന്നിരിക്കുന്ന ദാസൻ.

**34) യേശു ചെയ്ത അത്ഭുതങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) യൂത്തിക്കോസിനെ ഉയിർപ്പിച്ചു.**
B) ശതാധിപന്റെ ദാസനെ സൗഖ്യമാക്കി
C) ലാസറിനെ ഉയിർപ്പിച്ചു.
D) വരണ്ട കൈ സൗഖ്യമാക്കി

**35) സുവിശേഷത്തിൽ രേഖപ്പെടുത്തിയ വംശാവലിയിൽ ഉൾപ്പെടാത്ത സ്ത്രീ ആരാണ്?**
**A) എലിസബത്ത്**
B) താമാർ
C) രാഹാബ്
D) രൂത്ത്

**36) 'എഫഥാ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) തുറന്നുവരിക**
B) നിൽക്കുക
C) എഴുന്നേൽക്കുക
D) ബലപ്പെടുക

**37) ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) യേശുവിന്റെ അടുക്കൽ ആദ്യം ചെന്ന ശിഷ്യൻ അന്ത്രയോസാണ്.**
B) തലകീഴായി തൂക്കപ്പെട്ട ശ്ലീഹാ അന്ത്രയോസാണ്.
C) സ്വാഭാവിക മരണം പ്രാപിച്ച ശ്ലീഹാ അന്ത്രയോസാണ്.
D) അന്ത്രയോസ് ശ്ലീഹായുടെ ജന്മസ്ഥലം ബഥനിയാണ്.

**38) പൗലോസ് ശ്ലീഹായെ സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) വാങ്ങിപ്പോയവരെപ്പറ്റി 1 തെസ്സലോനിക്കാ ലേഖനത്തിൽ പ്രത്യാശ നൽകുന്നു.**
B) ഒന്നാം മിഷനറി യാത്രയിൽ ബർന്നബാസും ശീലാസും പൗലോസിന്റെ സഹയാത്രികരായിരുന്നു.
C) റോമർ, ഫിലിപ്യർ, കൊലോസ്യർ എന്നിവ കാരാഗൃഹ ലേഖനങ്ങളാണ്.

D) ജഡത്തിന്റെ പ്രവൃത്തികളെക്കുറിച്ച് ഫിലേമോൻ 19:21 ൽ പരാമർശിക്കുന്നുണ്ട്.

**39) പൗലോസിനുള്ള സംഭാവന ഫിലിപ്യർ നൽകിയത് ആരുടെ കൈയിലാണ്?**

**A) എപ്പഫ്രോദിത്തോസ്**
B) എപ്പഫ്രാസ്
C) എപ്പിക്യൂരിയസ്
D) അപ്പല്ലോസ്

**40) അന്ത്യോക്യൻ പാത്രിയർക്കീസിൽനിന്നും മെത്രാൻ സ്ഥാനം സ്വീകരിച്ച ആദ്യ നാട്ടുമെത്രാൻ ആരാണ്?**

**A) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ്**
B) പാലക്കുന്നത്ത് തോമസ് മാർ മാർ അത്താനാസിയോസ്
C) പാലക്കുന്നത്ത് അബ്രഹാം മല്പാൻ
D) പാലക്കുന്നത്ത് മാത്യൂസ് മാർ കൂറിലോസ്

**41) മുളന്തുരുത്തി സുന്നഹദോസിനുശേഷം പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ഇടപെടൽമൂലം രൂപീകരിക്കപ്പെട്ട ഭദ്രാസനങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**A) തിരുവതാംകൂർ**
B) അങ്കമാലി
C) കണ്ടനാട്
D) കൊച്ചി

**42) മലങ്കരയിലെ ഏഴാം കാതോലിക്ക ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്നത് എവിടെയാണ്?**

**A) പത്തനാപുരം മൗണ്ട് താബോർ ദയറാ**
B) വള്ളിക്കാട്ട് ദയറാ
C) ശാസ്താംകോട്ട ഹോറെബ് ആശ്രമം
D) ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ

**43) വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ച വർഷം ഏതാണ്?**

**A) 2003**
B) 1934
C) 1958
D) 1964

**44) പ്രൊട്ടസ്റ്റന്റ് നവീകരണത്തിനെതിരെ റോമൻ കത്തോലിക്കാ സഭ നയപരിപാടികൾ എടുത്തത് ഏതു കൗൺസിലിലാണ്?**

**A) ട്രെന്റ്**
B) വിയന്ന
C) റോം
D) മിലൻ

**45) കന്യകമറിയാമിനോട് ഗബ്രിയേൽ മാലാഖ സന്ദേശം അറിയിച്ചത് അനുസ്മരിക്കുന്നത് എന്നാണ്?**

**A) മാർച്ച് 25**
B) മെയ് 4
C) നവംബർ ആദ്യ ഞായർ
D) ഈസ്റ്ററിനുശേഷം എട്ടാം ഞായർ

**46) യേശു ശിഷ്യന്മാരുടെ മുമ്പാകെ തേജസ്കരിക്കപ്പെട്ടത് അനുസ്മരിക്കുന്ന മോറാനായ പെരുന്നാൾ എന്നാണ്?**

**A) ഓഗസ്റ്റ് 6**
B) സെപ്റ്റംബർ 15
C) സെപ്റ്റംബർ 8
D) ജൂൺ 29

**47) 'മാവുർബോ' എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
**A) പുകഴ്ച**
B) വിനയം
C) മാതാവ്
D) കിരീടം

**48) ''ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ'' എന്നു പറഞ്ഞത് ആര്?**
**A) ഗബ്രിയേൽ ദൂതൻ കന്യകമറിയാമിനോട്**
B) യേശുക്രിസ്തു മാർത്തയോട്
C) ഗബ്രിയേൽ ദൂതൻ സഖറിയാവിനോട്
D) ജോസഫ് കന്യകമറിയാമിനോട്

**49) ''ഞാനോ ഒരു ബാലനത്രേ; കാര്യാദികൾ നടത്തുവാൻ എനിക്ക് അറിവില്ല'' എന്നു പറഞ്ഞത് ആര്?**
**A) ശലോമോൻ**
B) ശിംശോൻ
C) ഗിദെയോൻ
D) മോശ

**50) 'കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആര്? എന്റെ ഗൃഹവും എന്തുള്ളു?'' ദൈവസന്നിധിയിൽ ഇതു പറഞ്ഞതാര്?**
**A) ദാവീദ്**
B) ശലോമോൻ
C) യോശുവ
D) യോനാ